## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2353 08.03.2017 – ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. സി.ദിവാകരൻ

ഡോ.തോമസ് ഐസക്
ബഹു. ധനകാര്യ മന്ത്രി

### നോട്ട് നിരോധനം

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം മൂലം സംസ്ഥാനത്തെ വ്യവസായ, വ്യാപാര മേഖലകളിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; | നോട്ട് നിരോധനം മൂലം സംസ്ഥാനത്തെ വ്യവസായ വ്യാപാര മേഖലകളിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; ഈ പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | നോട്ട് നിരോധനം മൂലം സംസ്ഥാനത്തെ വ്യവ്യസായ, വ്യാപാര മേഖലകളിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ ഉണ്ടായ കുറവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31/12/16 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ രേഖപ്പെടുത്തിയത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്.<br>നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി |

| | | |
|---|---|---|
| | | ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.<br>അതേ സമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റേയും ഡിസംബറിൽ 16.67 ശതമാനത്തിന്റേയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. |
| `(സി) | റവന്യൂ വരുമാനത്തിലെ കുറവ് നികത്താൻ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. |
| (ഡി) | റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മൂലം ട്രഷറിയിലെ ക്രയവിക്രയം ഒരു പരിധിവരെ തടസപ്പെട്ടിരുന്നു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം മൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും |

സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

**<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>**

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.
2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി എസ് ബി അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.
3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.
4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി

**<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ</u>**

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

2. നോട്ടു നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ

| | | |
|---|---|---|
| | | സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.<br><br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.<br><br>4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.<br><br>5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് **1000** സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.<br><br>6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി വരും വർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.<br><br>നോട്ട് റദ്ദാക്കിയതുമൂലമുള്ള അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് ഹ്രസ്വകാല നടപടികൾകൊണ്ട് സാധിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഗുണഫലം വരുംദിനങ്ങളിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**